(ജി) തുകയുടെ വിനിയോഗം താഴെപ്പറയുന്ന ആഡിറ്റുകൾക്ക് വിധേയമാണ്.

1. അക്കൗണ്ടന്റ് ജനറലിന്റെ (കേരള) കാലാകാലങ്ങളിലുള്ള ആഡിറ്റ്.
2. ചാർട്ടേഡ് അക്കൗണ്ടന്റിന്റെ വാർഷിക ആഡിറ്റ്.
3. അക്കൗണ്ടന്റ് ജനറലിന്റെ പ്രത്യേക ആഡിറ്റ്-പെർഫോമൻസ് ആഡിറ്റ്.

സംസ്ഥാന ഹെൽത്ത് സർവീസ് വകുപ്പിന് ലഭ്യമാകുന്ന ഗ്രാന്റ്

143 [146] ശ്രീ. ടി. എൻ. പ്രതാപൻ:
,, ജോർജ് ജെ. മാത്യു:
,, കെ. സി. ജോസഫ്:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ ചേർക്കാത്ത ഏതെല്ലാം ഇനങ്ങളിൽ എത്ര തുക വീതം ആരോഗ്യ വകുപ്പിന് ഗ്രാന്റ് ലഭിക്കുന്നുണ്ട്;

(ബി) പ്രസ്തുത തുകകൾ ചെലവഴിക്കുന്നതിനുള്ള അധികാരം ആർക്കാണ്;

(സി) പ്രസ്തുത തുക ചെലവഴിക്കുന്ന കാര്യം ജനപ്രതിനിധികളുമായി ആലോചിക്കാറുണ്ടോ;

(ഡി) കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ ഓരോ ഇനത്തിലായി ഇപ്രകാരം എന്ത് തുക കിട്ടിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എയ്ഡ്സ് നിയന്ത്രണ പ്രവർത്തനങ്ങൾ, യൂറോപ്യൻ കമ്മീഷന്റെ സഹായത്തോടെയുള്ള സെക്ടർ റിഫോംസ് പദ്ധതി, പ്രജനന ശൈശവ പദ്ധതി, ക്ഷയ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ, കുഷ്ഠരോഗ നിർമ്മാർജന പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് ബജറ്റിൽ ചേർക്കാത്ത ഇനങ്ങളിൽ ആരോഗ്യ വകുപ്പിന് ഗ്രാന്റ് ലഭിക്കുന്നത്.

(ബി) സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഭരണ സമിതിയുടെ അനുമതിയും നിർദ്ദേശവും അനുസരിച്ച് കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയാണ് എയ്ഡ്സ് നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള തുക ചെലവഴിക്കുന്നത്.

യൂറോപ്യൻ കമ്മീഷന്റെ സഹായത്തോടെയുള്ള സെക്ടർ റിഫോംസ് പ്രവർത്തനങ്ങൾക്കുള്ള തുക ചെലവഴിക്കുന്നതിനുള്ള അധികാരം ആരോഗ്യ വകുപ്പ് സെക്രട്ടറി, ആരോഗ്യ വകുപ്പ് ഡയറക്ടർ, കൊല്ലം ജില്ലാ കളക്ടർ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റിക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രജനന ശൈശവ പദ്ധതിയിൽ, പദ്ധതിയുടെ പ്രോജക്ട് ഡയറക്ടർക്കും ജില്ലാ മെഡിക്കൽ ആഫീസർക്കുമാണ് തുക ചെലവഴിക്കുന്നതിനുള്ള അധികാരം. എന്നാൽ ഈ പദ്ധതി പ്രകാരമുള്ള പ്രധാനപ്പെട്ട സിവിൽ ജോലികളുടെ തുക ചെലവഴിക്കാനുള്ള അധികാരം ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിനാണ്.

കുഷ്ഠരോഗ നിർമ്മാർജന പ്രവർത്തനങ്ങൾക്കും ക്ഷയരോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്കുമുള്ള തുക ചെലവഴിക്കുന്നത് സംസ്ഥാന/ജില്ലാ റ്റി.ബി. ആന്റ് ലെപ്രസി സൊസൈറ്റികളാണ്. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (ചെയർമാൻ) ആരോഗ്യ വകുപ്പ് ഡയറക്ടർ (വൈസ് ചെയർമാൻ) അഡീഷണൽ ഡയറക്ടർ (റ്റി.ബി.) (മെമ്പർ സെക്രട്ടറി) സംസ്ഥാന ലെപ്രസി ഓഫീസർ (ജോയിന്റ് മെമ്പർ സെക്രട്ടറി)യും മറ്റ് മെമ്പർമാർ എന്നിവരുൾപ്പെട്ടതാണ് സ്റ്റേറ്റ് റ്റി.ബി. ആന്റ് ലെപ്രസി സൊസൈറ്റി. ജില്ലാ സൊസൈറ്റികളുടെ ചെയർമാൻ ജില്ലാ കളക്ടറും, വൈസ് ചെയർമാൻ ജില്ലാ മെഡിക്കൽ ആഫീസറും, മെമ്പർ സെക്രട്ടറി ജില്ലാ റ്റി.ബി. ആഫീസറുമാണ്.

(സി) എയ്ഡ്സ് നിയന്ത്രണ പദ്ധതികൾ ജില്ലാ തലത്തിൽ നടപ്പിലാക്കുന്നത് ജനപ്രതിനിധികൾ അംഗങ്ങളായ ജില്ലാ എയ്ഡ്സ് കമ്മിറ്റിയാണ്. പ്രജനന ശൈശവ പദ്ധതി പ്രകാരം ചെലവഴിക്കുന്ന തുക ആരോഗ്യ വകുപ്പിൽ നിന്നും അതാത് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുകയും ബ്ലോക്ക് പഞ്ചായത്തുകൾ ജനപ്രതിനിധികളുമായി ആലോചിച്ച് സിവിൽ ജോലികൾ നടപ്പിലാക്കുകയും ചെയ്യുന്നു. എന്നാൽ യൂറോപ്യൻ കമ്മീഷന്റെ സഹായത്തോടെയുള്ള സെക്ടർ റിഫോംസ് പദ്ധതി, കുഷ്ഠരോഗനിർമ്മാർജന പദ്ധതി, ക്ഷയരോഗ നിയന്ത്രണ പദ്ധതി എന്നിവ കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായാണ് നടപ്പിലാക്കുന്നത്.

(ഡി) ഒരോ ഇനത്തിലും കിട്ടിയ തുക താഴെ കൊടുക്കുന്നു.

1.	എയ്ഡ്സ് നിയന്ത്രണ പദ്ധതി	.. 42.67 കോടി രൂപ
2.	പ്രജനന ശൈശവ പദ്ധതി	.. 30.37 കോടി രൂപ
3.	യൂറോപ്യൻ കമ്മീഷൻ സെക്ടർ റിഫോംസ് പദ്ധതി	.. 7.51 കോടി രൂപ
4.	ക്ഷയരോഗ നിയന്ത്രണ പദ്ധതി	.. 5.945 കോടി രൂപ
5.	കുഷ്ഠരോഗ നിർമ്മാർജന പദ്ധതി	.. 73 ലക്ഷം രൂപ

ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ സ്പെഷ്യൽ റൂൾസ് ഭേദഗതി

144 [147] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(സി) സ്പെഷ്യൽ റൂൾസ് ഭേദഗതിയുടെ കരട് തയ്യാറായിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly